നം.കെ.എസ്.എ-കെ.ടി.എം.പി7/1185/2017 തീയതി : 05.08.2017

# കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 30.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 നും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 17.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു സി.ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസ്മോൻ മുണ്ടയ്ക്കൽ | 01.04.2016 മുതൽ 17.05.2016 വരെ |
| | ശ്രീ.തോമസ്സ് ജോർജ് | 18.05.16 മുതൽ 31.3.17വരെ |
| സെക്രട്ടറി | ശ്രീ.ലിജോ ജോബ് | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ബാബുരാജ് ജി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഡി.രാജി | 01.04.2016 മുതൽ 31.05.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജീവ് സി. | 1.6.16 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.അലക്സ് | 01.04.2016 മുതൽ 3.10.2016 വരെ |
| | ഡോ.വിമൽകുമാർ എം.ബി. | 4.10.16 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ.കപിൽ കെ.എ. | 01.04.2016 മുതൽ 17.01.2017 വരെ |
| | ശ്രീ.സിൻസി ജോസഫ് | 18.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിനീത റ്റി.സ്. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശശികല കെ.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുമ കെ.ബി. | 01.04.2016 മുതൽ 20.01.2017 വരെ |
| | ഡോ.ആനി നെറിൻ സക്കറിയ | 21.1.17 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ദീപ | 01.04.2016 മുതൽ 30.08.2016 വരെ |
| | ഡോ.ബിനോജ് കെ.ജോസ് | 01.09.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.പ്രദീഷ്കുമാർ സി. | 01.04.2016 മുതൽ 15.02.2017 വരെ |
| | ശ്രീ.ലിബീഷ് മാത്യു | 16.2.17 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി റെജിമോൾ | 01.04.2016 മുതൽ 15.01.2017 വരെ |
| | ശ്രീ.ജോഷി ജോസഫ് | 16.01.17 മുതൽ 31.3.17വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും |
| 2-2 | ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി ഈടാക്കിയ ടെണ്ടർ ഫീ-ഗ്രാമപഞ്ചായത്തിന് അർഹമായ തുക ക്ലെയിം ചെയ്തിട്ടില്ല |
| 2-3 | രസീത് നൽകാതെ പണപ്പിരിവ് നടത്തുന്നു-നടപടി ക്രമവിരുദ്ധം |
| 2-4 | മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 2-5 | അനധികൃത കെട്ടിട നിർമ്മാണം-നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാതെ നമ്പർ നൽകുന്നു |

| | |
|---|---|
| 2-6 | അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിൽ വീഴ്ച |
| 2-7 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-8 | ഡി&ഒ ട്രേഡ് ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല |
| 2-9 | ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ |
| 2-10 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് |
| 2-11 | യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ് |
| 2-12 | ലൈസൻസ് അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| 2-13 | വാടക-കുത്തകക്കാരിൽ നിന്നും മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തത് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തദ്ദേശമിത്രം പദ്ധതി പ്രകാരം ലോകബാങ്ക് സഹായം-ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച. 16-17 വർഷം ലഭിച്ച 2 കോടി രൂപ വിനിയോഗിച്ചില്ല |
| 3-2 | കൃഷിഭവൻ മെയിന്റനൻസ്-ഗുണഭോക്തൃസമിതി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും നൽകി |
| 3-3 | അങ്കണവാടികളുടെ നവീകരണം-അധികനിരക്ക് നൽകി |
| 3-4 | തനതുഫണ്ട് ചെലവുകൾ |
| 3-5 | ആശ്രയ പദ്ധതി-രണ്ടാംഘട്ട സേവനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചില്ല |
| 3-6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിലൂടെ സ്ഥായിയായ ആസ്തികളും തൊഴിൽദിനങ്ങളും സൃഷ്ടിച്ചത് മാതൃകാപരം |
| 3-7 | ജലനിധി പദ്ധതി-അവലോകനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | |
|---|---|
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 22.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ 15.11.16ലെ 3-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39,65,226 |
| വരവ് | 11,95,86,000 |
| ആകെ | 12,35,51,226 |
| ചെലവ് | 11,48,52,179 |
| നീക്കിയിരിപ്പ് | 86,99,047 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|
| 31.07.2017 | ----- |

വാർഷിക ധനകാര്യപത്രിക 23.06.2017ൽ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 15.07.2017 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

2016-17 റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 28,32,657.90 |
| വരവ് | 3,68,20,709 |
| ആകെ | 3,96,53,366.90 |
| ചെലവ് | 3,48,30,176 |
| നീക്കിയിരിപ്പ് | 48,23,190.90 |

## 1-5 ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻഫർ ചെയ്തതുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 57,06,782 | 57,06,782 | 55,70,652 | 1,36,130 | 97.61 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13,85,448 | 13,85,448 | 10,66,250 | 3,19,198 | 76.96 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15,687 | 15,687 | -- | -- | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,25,53,530 | 1,25,53,530 | 72,98,819 | 52,54,711 | 58.14 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755 | 25,54,755 | 16,16,570 | 9,38,185 | 63.28 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 31,99,847 | 31,99,847 | 23,32,739 | 8,67,108 | 72.90 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2,19,90,272 | 2,19,90,272 | 6,85,566 | 2,13,04,706 | 3.12 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 105 | 68 | 32 | 5 | 65 |

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 5.41 കോടി രൂപയായിരുന്നു. തൻവർഷം എല്ലായിനങ്ങളിലുമായി വിനിയോഗിക്കാൻ സാധിച്ചത് 1.88 കോടി രൂപ മാത്രമാണ്(34.75 %). ലോകബാങ്ക് ധനസഹായമായി വകയിരുത്തിയ 2.19 കോടി രൂപയിൽ കേവലം 5.74 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത് എന്നതുകൊണ്ടാണ് ആകെ പദ്ധതി അടങ്കലിന്റെ വിനിയോഗത്തിൽ ഇത്രയേറെ കുറവുണ്ടായത്.(വിവിധ ഫണ്ടിനങ്ങളുടെ വരവ് വിനിയോഗ വിവരങ്ങൾ ഖ:1.5ൽ ചേർത്തിട്ടുള്ളത് കൂടി കാണുക). പദ്ധതി അടങ്കലിന്റെ വിനിയോഗത്തിൽ സാമ്പത്തിക ലക്ഷ്യവും ഭൗതീക ലക്ഷ്യവും കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഈ ലക്ഷ്യം

മുൻനിർത്തി ആസൂത്രണ/നിർവ്വഹണ നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

തൻവർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും പൂർത്തീകരിച്ച പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് നടപടികളിലും വിവിധ വിഷയങ്ങളുടേതായി രൂപീകരിച്ചിട്ടുള്ള പ്രവർത്തനക്കമ്മറ്റികളുടെ വേണ്ടത്ര ഇടപെടൽ ഉണ്ടായിട്ടില്ലയെന്ന് ഇവയുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ അതാത് വർക്കിങ്ങ് ഗ്രൂപ്പുകളുടെ കൺവീനർ എന്ന ചുമതല ശരിയായ വിധം നിർവ്വഹിക്കുന്നതായി കാണുന്നില്ല. 2016-17 വർഷത്തെ കരട് പദ്ധതികൾ ചർച്ച ചെയ്ത് അന്തിമ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനായി വികസനസെമിനാർ യോഗം 12.6.16 ൽ ചേർന്നതിൽ 78 പേർ പങ്കെടുത്തതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പതിവ് രീതിയിലുള്ള ചില പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ ബഹുഭൂരിപക്ഷവും അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളായിരുന്നു. ഇതിൽതന്നെ കൂടുതലും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വകയിരുത്തി നടപ്പിലാക്കിയ 2 ലക്ഷം മുതൽ 4 ലക്ഷം രൂപ വരെ അടങ്കൽ നിശ്ചയിച്ചിരുന്ന റോഡുകളുടേയും ഇടവഴികളുടേയും കോൺക്രീറ്റ് വേലകളായിരുന്നു. റോഡ് പ്രവൃത്തികളിൽ MORD സ്പെസിഫിക്കേഷൻ പാലിക്കണമെന്ന നിർദ്ദേശം നിലനിൽക്കെ പ്രസ്തുത സ്പെസിഫിക്കേഷനിൽ പരാമർശിക്കാത്ത കോൺക്രീറ്റിങ്ങ് വേലകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടാറിങ്ങ് വേലകൾ നടത്താവുന്ന റോഡുകളിൽ പോലും കോൺക്രീറ്റിങ്ങ് നടത്തിയതായി കാണപ്പെട്ടു.പ്രത്യേക ലോകബാങ്ക് ധനസഹായം വകയിരുത്തിയ 3 വലിയ പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് സാമ്പത്തിക വർഷാവസാനം മാത്രമാകയാൽ തുക ചെലവ് ചെയ്യാൻ സാധിക്കാതെ വന്നതായി കാണുന്നു.(ഖ:3.1 കാണുക) പ്രസ്തുത പ്രോജക്ടുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും നടപ്പ് വർഷം(2017-18) ഓഡിറ്റ് തീയതി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. കൃഷിയും അനുബന്ധമേഖലയും സംബന്ധിച്ച വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ കുറെ പ്രോജക്ട് നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നെങ്കിലും കൃഷി ഓഫീസർ വളം വിതരണത്തിനായുള്ള ഒരു പ്രോജക്ട് മാത്രമാണ് ഏറ്റെടുത്തത്. വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വെറ്ററിനറി ഡിസ്പെൻസറിയിലേയ്ക്ക് ബില്ലിംഗ് മെഷീൻ വാങ്ങുന്നതിന് വേണ്ടി 10000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്ന്യാസം മാത്രം സാധ്യമാവുന്ന വിധമുള്ള പ്രോജക്ടുകളാണ് സേവന മേഖലയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളത്. സുസ്ഥിര വികസനം എന്ന ആശയം നടപ്പിലാവുന്ന വിധം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കാവുന്നതാണ്. ഫണ്ട് കൈമാറൽ പ്രേജക്ടുകളുടേയും നിക്ഷേപ പ്രവൃത്തികളുടേയും ഭൗതീകനേട്ടം വിലയിരുത്തുന്നതിന് വിശദമായ മൂല്യനിർണ്ണയ/വിനിയോഗ വിവരങ്ങൾ ആവശ്യമാണെങ്കിലും ഇവ ലഭ്യമാക്കുന്നതിലും മോണിറ്ററിങ്ങ് നടത്തുന്നതിലും വീഴ്ച്ച ഉണ്ടായിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജലനിധി പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം കൈമാറൽ എന്ന പ്രോജക്ട് പ്രകാരം 19,71,580/- ജലനിധി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ജലനിധി പ്രോജക്ടുകളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഭൗതീകനേട്ടം ഉണ്ടായിട്ടില്ല.

വാർഷിക പദ്ധതിയിൽ എടുത്തുപറയാവുന്നതും ശ്രദ്ധേയമായ നേട്ടം കൈവരിച്ചതുമായ പ്രോജക്ടുകൾ ഒന്നും തന്നെ ഉൾപ്പെട്ടതായി കാണുന്നില്ല. വാർഷിക പദ്ധതി ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ സുസ്ഥിര വികസനം എന്ന ആശയത്തിലൂന്നി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.81 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,57,882 | 29,58,383 | 5,00,501 | 20.36(+) |
| നികുതിയേതര വരവുകൾ | 3,05,197 | 2,23,249 | 81,948 | (26.85) |
| മറ്റു വരവുകൾ | 40,58,357 | 45,74,526 | 5,16,169 | 12.72(+) |
| ആകെ | 68,21,436 | 77,56,158 | 9,34,722 | 13.7(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91,200 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 16,48,860 | 843 |
| വിധവാപെൻഷൻ | 33,41,380 | 1516 |
| വാർദ്ധക്യകാലപെൻഷൻ | 91,14,070 | 3419 |
| വികലാംഗപെൻഷൻ | 11,91,365 | 523 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 1,37,100 | 69 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2017 തീയതി 3.30 പി.എം.-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4614/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ ജോലി വിഭജനം നടത്തി ഏകോപനം സാധ്യമാവും വിധം ചുമതലകൾ ജീവനക്കാർക്ക് ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്നവർക്ക് തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള ജോലികൾ/ചുമതലകൾ സംബന്ധിച്ച് വ്യക്തമായ ധാരണയുള്ളതായി ഓഡിറ്റിൽ നടത്തിയ ആശയവിനിമയത്തിലൂടെ വ്യക്തമായിട്ടുണ്ട്. മിക്ക സേവനങ്ങളും വലിയ കാലതാമസം കൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധ്യമാവുന്ന അവസ്ഥ സംജാതമായിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ (പ്രത്യേകിച്ചും ഭൂമി/കെട്ടിടം) സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവം, ജലനിധി/ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ സമാന്തര സ്കീമുകൾ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായി ശരിയായ രീതിയിൽ ഏകോപിപ്പിക്കാൻ കഴിയാത്ത സ്ഥിതി, തനത് ഫണ്ടിൽ നിന്നുള്ള ആവർത്തനചെലവുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കാത്ത്, നിയമാനുസൃതം രൂപീകരിക്കപ്പെട്ട സമിതികളുടേയും കമ്മറ്റികളുടേയും കാര്യക്ഷമതയിലെ കുറവ്, റവന്യൂ വരവും റവന്യൂച്ചെലവും തമ്മിലുള്ള വർദ്ധിച്ച് വരുന്ന അന്തരം മൂലമുള്ള സാമ്പത്തിക ഞെരുക്കം, പുതിയ വിഭവ സമാഹരണം സാധ്യമാവാത്തത് തുടങ്ങി ആഭ്യന്തര നിയന്ത്രണ സംവിധാനത്തേയും സേവനങ്ങൾ നൽകുന്നതിലെ കാര്യക്ഷമതയേയും പ്രതികൂലമായി ബാധിക്കുന്ന നിരവധി ഘടകങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2017 | 4/2017 | PU/152/17- 05.01.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.05.2006 – 12.06.2006 | 97-98- to 2005-06 | 27426/TA3/2006/ LSGD/13.07.06 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയും വിശകലനവും

കൊഴവനാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 31.5.2017 ലെ 3-ാം നമ്പർ തീരുമാന പ്രകാരം 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികകൾ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ധനകാര്യപത്രികകളുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ ബാക്കി 28,32,657.9/-രൂപയും(ബാങ്ക് ബാലൻസ് മാത്രം) തൻവർഷ വരവ് 3,68,20,709/-രൂപയും തൻവർഷ ചെലവ് 3,48,30,176/-രൂപയും വർഷാവസാന നീക്കിബാക്കി 48,23,190.9/-രൂപയും (പണമായുള്ള 46,969/-രൂപ ഉൾപ്പടെ) ആകുന്നു.

തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരുമാനം 5,13,79,441/-രൂപയും തൻവർഷ ചെലവ് 5,31,35,623/-രൂപയുമാകുന്നു.(മുൻ വർഷകാലയളവിലെ 1,81,358/-രൂപയുടെ അക്കൗണ്ടിംഗ് ക്രമീകരണം ഉൾപ്പടെ തൻവർഷത്തെ പ്രവർത്തന നഷ്ടം (Deficit) 19,37,540/-രൂപയാണ്.ബാലൻസ് ഷീറ്റ് പ്രകാരം 31.3.17 ലെ ആസ്തിമൂല്യം 2,44,43,691.65/-രൂപയും ഋണ സംഖ്യയായി നിൽക്കുന്ന ജനറൽ ഫണ്ട്(പഞ്ചായത്ത് ഫണ്ട്) -12,09,406.35/-രൂപയുമാണ്.

മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ റിസൽറ്റുകൾ പ്രതിഫലിപ്പിക്കുന്ന വാർഷിക ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് നടപടികളിൽ പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് സിദ്ധാന്തങ്ങളും കീഴ്‌വഴക്കങ്ങളും (തേയ്മാന ചെലവ് കണക്കാക്കുന്നതിലും മറ്റും)വ്യക്തമാക്കുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. സ്ഥിരീകരിക്കാത്ത തുകകളുടേയും പത്രികകളുടേയും വിവരം കുറിപ്പുകളിലൂടെ വെളിപ്പെടുത്തിയിട്ടുമില്ല.

2-ആസ്തി ബാധ്യതകളുടെ മൂല്യം അന്തിമമായി തിട്ടപ്പെടുത്തിയിട്ടില്ല.സ്ഥിര ആസ്തികളുടെ വർഗ്ഗീകരണത്തിന്റേയും മൂല്യനിർണ്ണയത്തിന്റേയും കൃത്യത വ്യക്തമല്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം നിശ്ചയിച്ച് സ്ഥിര ആസ്തികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3-ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ടിന്റേയും തൻവർഷ പ്രവർത്തന മിച്ചത്തിന്റേയും ബാലൻസ് തുകയല്ല ഷെഡ്യൂൾ B-1 പ്രകാരമുള്ള 31.3.17 ലെ ജനറൽഫണ്ട് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള പ്രവർത്തന നഷ്ടം 19,37,540/-രൂപയാണെങ്കിലും 31.3.17 പ്രകാരമുള്ള ജനറൽ ഫണ്ട് കണക്കാക്കുന്നതിനായി ഷെഡ്യൂൾ B-1ൽ വർഷാരംഭ ജനറൽ ഫണ്ടിൽ നിന്നും പ്രവർത്തന നഷ്ടമായി കണക്കാക്കി കുറവ് ചെയ്തിട്ടുള്ളത് 28,63,437.25/- രൂപയാണ്. അക്കൗണ്ടിംഗിലെ അടിസ്ഥാനപരമായ ടി പിഴവിന്റെ കാരണം വ്യക്തമല്ല.

4-വാടക ഡെപ്പോസിറ്റിന്റേയും മറ്റും കൃത്യമായ വിവരങ്ങൾ B-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ടിയിനത്തിലുള്ള തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

5-ജലനിധി പ്രോജക്ടുകൾക്കായി ബി.ജി ഗ്രൂപ്പുകൾക്ക് തുക അനുവദിക്കുമ്പോൾ തന്നെ ഷെഡ്യൂൾ I-12(b)യിൽ (ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ്) ചെലവ് കാണിക്കുന്നു. വിനിയോഗ വിവരം ലഭ്യമാകുന്നതിന് മുമ്പ് ഇപ്രകാരം ചെലവ് വർഗ്ഗീകരിക്കുന്നത് ശരിയല്ല.

മേൽ പരാമർശിച്ച അപാകത കൂടി കണക്കിലെടുത്ത് പുറപ്പെടുവിക്കുന്ന ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2-2 ഇ-ടെണ്ടർ നടപടികളുടെ ഭാഗമായി ഈടാക്കിയ ടെണ്ടർ ഫീ-ഗ്രാമപഞ്ചായത്തിന് അർഹമായ തുക ക്ലെയിം ചെയ്തിട്ടില്ല

കൊഴവനാൽ പഞ്ചായത്തിന്റെ പിന്നാക്കാവസ്ഥ പരിഗണിച്ച് തദ്ദേശമിത്രം പദ്ധതി പ്രകാരം ലോകബാങ്ക് ധനസഹായമായി 2016-17 വർഷം പ്രത്യേകമായി അനുവദിക്കപ്പെട്ട 2 കോടി രൂപ താഴെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വകയിരുത്തി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിച്ച് തുടങ്ങിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം |
|---|---|---|
| മേവട കമ്മ്യൂണിറ്റി ഹാൾ | 1,23,30,000 | 9 |
| തോടനാൽ മൃഗാശുപത്രി | 56,34,000 | 7 |
| കെഴവംകുളം തോട്-ആലുതറപ്പാറ ചെക്ക്ഡാം നിർമ്മാണം | 20,36,000 | 8 |

മേൽ കരാറുകാരിൽ നിന്നും ടെണ്ടർ ഫീ ഇനത്തിൽ ആകെ 82,500/-രൂപ ഈടാക്കിയിട്ടുള്ളത്

(9*5000+7*2500+8*2500)ഓൺലൈനായി കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. കൂടാതെ നിരതദ്രവ്യം ഇനത്തിൽ ഈടാക്കിയ 12,00,000/-രൂപയും (24*50000)പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ആയതിനാൽ ആവശ്യമായ ക്ലെയിം നൽകി തിരികെ വാങ്ങിയതായി കാണുന്നില്ല. ടെണ്ടർ നിരസ്സിക്കപ്പെട്ട കരാറുകാരുടെ നിരതദ്രവ്യം തിരികെ നൽകിയതിന്റെ വിശദാംശങ്ങളും രേഖാമൂലം ശേഖരിച്ച് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകങ്ങളിന്മേൽ വിശദീകരണം നൽകുന്നതോടൊപ്പം സഞ്ചിതനിധിയിൽ നിന്നുള്ള അലോട്ട്മെന്റ് ഇനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച തുകയിൽ നിന്നും ബിൽ പ്രകാരം 31.3.17 ന് മുമ്പ് തുക പിൻവലിച്ച് ചെലവഴിച്ചിട്ടില്ലാത്തതിനാൽ 2 കോടി രൂപയുടെ അലോട്ട്മെന്റ് ലാപ്സായിട്ടുള്ളത് തൻവർഷം (2017-18) റീ അപ്രോപ്രിയേഷനിലൂടെ അലോട്ട് ചെയ്തിട്ടുണ്ടോയെന്നും തുകയുടെ വിനിയോഗ കാലാവധി എന്ന് വരെയാണ് എന്നതും ഓഡിറ്റിനെ അറിയിക്കുന്നതിലേയ്ക്കായി 12.7.17ൽ നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടെണ്ടർഫീ ഇനത്തിലുള്ള തുക എത്രയും വേഗം ക്ലയിം നൽകി തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ കാലാവധി സംബന്ധിച്ചും നടപ്പ് വർഷം തുക റീ അലോട്ട് ചെയ്തത് സംബന്ധിച്ചും രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന് അർഹമായ തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും വിനിയോഗ കാലാവധിക്കുള്ളിൽ തുക വിനിയോഗിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 രസീത് നൽകാതെ പണപ്പിരിവ് നടത്തുന്നു-നടപടി ക്രമവിരുദ്ധം

പാലിയേറ്റീവ് പ്രോജക്ട് ആവശ്യത്തിനുപയോഗിക്കുന്നതും, ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതുമായ ആംബുലൻസ് (നം.കെ.എൽ.35എ- 9156) പാലിയേറ്റീവ് ആവശ്യങ്ങൾക്കല്ലാതെ വാടക ഈടാക്കി ട്രിപ്പ് നടത്തുന്നുണ്ട്. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരവ് ഉണ്ട്. എന്നാൽ ഇപ്രകാരം നടത്തിയിട്ടുള്ള ട്രിപ്പുകൾക്ക് രസീത് നൽകാതെ പണപ്പിരിവ് നടത്തിയതായി പരിശോധനയിൽ കാണുന്നു. ആംബുലൻസ് ഫീസ് പിരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13ന് ലഭ്യമാക്കിയ മറുപടിയിൽ ആംബുലൻസ് ഫീസ് പിരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട് എന്നും ആയത് ഉപയോഗിച്ച് 11.01.2017വരെ പണം പിരിവ് നടത്തിയിട്ടുണ്ട് എന്നും ആയതിന് ശേഷം ഡ്രൈവർ മാറിയതിനാൽ ഉണ്ടായ ആശയക്കുഴപ്പം മൂലമാണ് പിന്നീട് രസീത് ഉപയോഗിക്കാതെ പിരിവ് നടത്തിയത് എന്നും അറിയിച്ചു. സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെയാണ് ആംബുലൻസ് ഫീസ് പിരിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് അച്ചടിച്ച് വിതരണം ചെയ്തത്. ഇനിയും ഏതാനും രസീത് ബുക്കുകൾ അച്ചടിച്ചത് അവശേഷിക്കുന്നു. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്ത് രസീത് നൽകി പണപിരിവ് നടത്തുന്നതിന് ഡ്രൈവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ആകെ ഒരു മൊബൈൽ ടവർ മാത്രമാണ് പ്രവർത്തിക്കുന്നത്. ഫോറം 6 പ്രകാരം പ്രസ്തുത ടവറിന്റെ തറവിസ്തീർണ്ണം 6.71ച.മീറ്റർ മാത്രമാണ്. ഇതിൽ നിന്നും ടവറിന്റെ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് ബാധകമായ എല്ലാ അളവുകളും (ടവർ, അനുബന്ധ കെട്ടിടങ്ങളും) ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. പ്രസ്തുത ടവറിന്റെ നികുതി നിർണ്ണയം നടത്തി എങ്കിലും നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വകുപ്പിന്റെ 19.10.14ലെ 40395/Rc2/2014/ LSGD നമ്പർ സർക്കുലർ പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തു നികുതി നിർണ്ണയം നടത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചിട്ടില്ല. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം 12ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ആകെ 6 ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ പഞ്ചായത്തിൽ 9 ടവറുകളുടെ ഫയൽ ലഭ്യമാണ്. ഗ്രാമ പഞ്ചായത്തിൽ എത്ര ടവറുകളുടെ വിവരം ലഭ്യമാണ് എന്ന് പോലും നിശ്ചയമില്ലാത്തതിൽ നിന്നും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മ വ്യക്തമാകുന്നു. ജി.ഒ.(എം.എസ്) നം 37/2008/ITD തീയതി 16.09.2008 പ്രകാരം ഒരേ ടവർ വിവിധ കമ്പനികൾ ഷെയർ ചെയ്യുന്നുണ്ട് എങ്കിൽ ഒരേ തുക തന്നെ ഫീസായി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് വരുമാനം നന്നേ കുറവായ ഗ്രാമ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിന് ഉതകുന്നതും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതുമായ ഇത്തരം നികുതി ഇനങ്ങൾ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 അനധികൃത കെട്ടിട നിർമ്മാണം- നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാതെ നമ്പർ നൽകുന്നു

അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ യഥാവിധി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഒന്നിലധികം രജിസ്റ്ററിലായി വിവരങ്ങൾ എഴുതി സൂക്ഷിച്ചിരിക്കുന്നു. രജിസ്റ്ററിലെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുമ്പോൾ യഥാർത്ഥത്തിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ കൂടെ വസ്തുനികുതിയുടെ രണ്ടിരട്ടിയും കൂടി ഈടാക്കേണ്ടിയിരുന്നു. എന്നാൽ പല കെട്ടിടങ്ങൾക്കും യു.എ. നമ്പർ നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ട നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ, നൽകിയ യു.എ. നമ്പർ | തറവിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | ബാധകമായ ഇളവ് വർദ്ധനവ് എന്നിവയ്ക്ക് ശേഷം നിർണ്ണയിച്ച നികുതി | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| അനൂപ് വി.എ. വടക്കേപറമ്പിൽ | 1- U.A. 1/1 | 30.9 | 155 | ഇളവ് 50% (155-77.5)= 78 | 78 | 78x3=234 | 156 |
| മനോജ് തങ്കപ്പൻ കാരിത്തോട്ടിൽ | 1X- 105A | 29.7 | 149 | ഇളവ്-10% വർദ്ധനവ് 20% (149-14.9+29.8=164) എന്നാൽ 135 രൂപയാണ് നിർണ്ണയിച്ചത് | 135 | 164x3=492 | 357 |
| കുട്ടിയമ്മ രമണൻ വലിയപറമ്പിൽ | X11- 1UA | 81 | 244 | - | 244x3= 732 ആണ് എങ്കിലും 742 രൂപ ഈടാക്കിയിട്ടുണ്ട് | 405x3 (81x5)= 1215 | 473 |

മേൽ പ്രസ്താവിച്ച മൂന്ന് കെട്ടിടങ്ങളുടെയും നികുതി 2013-14 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കി അറിയിക്കേണ്ടതും, അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ യഥാവിധി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-6 അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിലെ വാർഡ് X1 ൽ പുലിയന്നൂർ വില്ലേജിൽ സർവ്വെ നമ്പർ 247/6എ, 247/6ബി, 247/11, എന്നീ സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന വസ്തുവിൽ കെട്ടിട നിർണ പെർമിറ്റിനായി ശ്രീ.റ്റി.വി.സ്കറിയ, കൈപ്പൻപ്ലാക്കൽ തെക്കേൽ എന്നയാൾ 13.08.14 ൽ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. 31.10.14 ൽ എ2-2098/ 14/ നമ്പരായി 321.66 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചു. 11.02.15ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനാൽ കെട്ടിട നമ്പർ നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. തുടർന്ന് 16.02.15ൽ കെട്ടിട നമ്പരുകൾ അനുവദിച്ചുനൽകി. തുടർന്ന് സമീപ സ്ഥല ഉടമയായ നാഷണൽ ആർട്സ് ക്ലബ് സെക്രട്ടറി ശ്രീ.റ്റി.വി.സ്കറിയ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തുന്നു എന്നും, ടിയാൾ ക്ലബിന്റെ സ്ഥലം കൈയ്യേറി കെട്ടിടം നിർമ്മിക്കുന്നതായും കാണിച്ച് 29.10.15ൽ പഞ്ചായത്തിൽ പരാതി നൽകി. 12.11.15ൽ സ്ഥല പരിശോധന നടത്തി അസിസ്റ്റന്റ് എൻജിനീയർ നൽകിയ അന്വേഷണ റിപ്പോർട്ടിൽ അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതായി റിപ്പോർട്ട് നൽകി. ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപത്തായി നടത്തിയ അനധികൃത നിർമ്മാണം പഞ്ചായത്തധികാരികൾ അറിഞ്ഞിരുന്നില്ല എന്നത് വിശ്വാസയോഗ്യമല്ല. തുടർന്ന് 31.10.14 ൽ എ2-2098/ 14/ നമ്പരായി 321.66 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച നൽകിയ പെർമിറ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും നടത്തരുത് എന്ന് കാണിച്ച് എ4-3371/14 തീയതി 18.11.15

പ്രകാരം ശ്രീ.റ്റി.വി.സ്കറിയയെ അറിയിച്ചു. എന്നാൽ ടിയാൾ നിർമ്മാണം നിർത്തിവയ്ക്കാതെ വന്ന സാഹചര്യത്തിൽ നാഷണൽ ആർട്സ് ക്ലബ്ബ് സെക്രട്ടറി ആർ.ഡി.ഒ, ജില്ലാ കളക്ടർ, ബഹു.മുഖ്യമന്ത്രി എന്നിവർക്ക് നിരന്തരം പരാതികൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനോട് വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും നാളിതുവരെ അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-7 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

16-17 2-ാം അർദ്ധവർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേവട പോസ്റ്റോഫീസിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കൂടാതെ കൊഴുവനാൽ ജംഗ്ഷനിൽതന്നെ 4 ആധാരം എഴുത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഡി& ഒ ട്രേഡ് ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

എ) ഡി&ഒ ട്രേഡ് ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ രേഖപ്പെടുത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം ഇപ്രകാരം ലൈസൻസിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാമായിരുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മനോജ് ജോസഫ് | സാൻസ് ലാബോറട്ടറീസ് പ്രൈ.ലിമിറ്റഡ് | 2 |
| 2 | ജോബി പോൾ | സാൻസ് ലൈഫ് സയൻസ് | 14 |
| 3 | സെക്രട്ടറി | മേവട ക്ഷീരോത്പാദക സഹകരണ സംഘം | 2 |
| 4 | സീനാ സെബാസ്റ്റ്യൻ | ഗ്യാസ് ഏജൻസി | 1 |
| 5 | കെ.ജെ.ജോസി | വാഹനങ്ങളുടെ ബോഡി നിർമ്മാണം | 8 |
| 6 | റോജി തോമസ്സ് | റോയൽ ലാറ്റക്സ് ടെക്നോളജീസ് | 12 |
| 7 | റ്റി.വി.സ്കറിയ | വെസ്റ്റേൺ ഇൻഡ്യാ കെമിക്കൽസ് | 4 |
| 8 | എബിൻ ജോസ് | പാറമട | 9 |

ബി) സഹകരണബാങ്കുകളുടെ നോൺബാങ്കിംഗ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക് തോടനാൽ | വളം വിൽപന കേന്ദ്രം | 1 |
| 2 | സർവ്വീസ് സഹകരണ ബാങ്ക് തോടനാൽ | നീതി മെഡിക്കൽസ്റ്റോർ | 2 |

| | | | | |
|---|---|---|---|---|
| 3 | സർവ്വീസ് സഹകരണ ബാങ്ക് തോടനാൽ | വളം വിൽപന കേന്ദ്രം | 1 | |
| 4 | സർവ്വീസ് സഹകരണ ബാങ്ക് കൊഴുവനാൽ | വളം വിൽപന കേന്ദ്രം | 2 | |
| 5 | സർവ്വീസ് സഹകരണ ബാങ്ക് കൊഴുവനാൽ | മെഡിക്കൽസ്റ്റോർ | 1 | |
| 6 | സർവ്വീസ് സഹകരണ ബാങ്ക് കൊഴുവനാൽ | വളം വിൽപന കേന്ദ്രം | 1 | |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുള്ളവരുടെ ശമ്പളവരുമാനം നിശ്ചിത പരിധിക്ക് മുകളിലാണെങ്കിൽ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന രേഖകളുടെ കൃത്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തനത് വരുമാനം കുറവായ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ പട്ടികകൾ പ്രകാരമുള്ള ജീവനക്കാരിൽ തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഡി&ഒ ട്രേഡ് ലൈസൻസ് അപാകതകൾ

2016-17 സാമ്പത്തിക വർഷം 198 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം മേൽ ചട്ടപ്രകാരം കേവലം 18 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ അപേക്ഷകളിൽ ഭൂരിപക്ഷം അപേക്ഷകളിലും ആവശ്യമുണ്ടായിരിക്കേണ്ട വിവരങ്ങൾ (വിറ്റുവരവ്, യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന്റെ വിവരം, സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം) രേഖപ്പെടുത്തിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്താതെ സമർപ്പിക്കുന്ന അപേക്ഷകളിൽ പോലും നാമമാത്രമായ (100, 200 രൂപ) നിരക്കിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. തൻമൂലം നികുതി ചോർച്ച സംഭവിക്കുന്നു. സ്ഥാപനത്തിൽ പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കാതെ അപേക്ഷയിലെ വിവരങ്ങൾ ചേർക്കുകയാണ് അന്വേഷണറിപ്പോർട്ടിൽ ചെയ്യുന്നത്. മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും അംഗീകാരം നേടി പ്രവർത്തിക്കേണ്ട പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഇത്തരം അനുമതിപത്രങ്ങൾ ഉള്ളടക്കം ചെയ്തിട്ടില്ല. (ഉദാഹരണം, ലൈസൻസ് നം 3541/6.10.16 സോമിൽ, ലൈസൻസ് നം.3505/4.10.16 തുരിശ് നിർമ്മാണം, ലൈസൻസ് നം. 1756/2.5.16 സിമന്റ് കട്ട നിർമ്മാണം). ഇതുമൂലം സ്ഥാപനത്തിന് തൻവർഷം വിവിധ വകുപ്പുകളുടെ അംഗീകാരം ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല സ്ഥാപനത്തെ സംബന്ധിക്കുന്ന പ്രസക്തമായ പല വിവരങ്ങളും ഇത്തരം സർട്ടിഫിക്കറ്റുകളിൽനിന്നും ലഭ്യമാണെന്നിരിക്കെ അനുമതിപത്രങ്ങളുടെ അഭാവം മൂലം പരിശോധനകൾക്ക് പ്രയാസം നേരിടുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരോത്പാദക സംഘങ്ങൾ, റബർ ഉൽപാദക സംഘങ്ങൾ എന്നിവയൊന്നും നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതും, തനത് വരുമാനം നന്നേ കുറവായ ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടാകുന്ന നികുതി നഷ്ടം അവസാനിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷം ഡി &ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും

വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം വിറ്റുവരവ് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസിന്റെ വിശദാംശങ്ങൾ | കുറവ് |
|---|---|---|---|---|---|
| ജോബി പോൾ | സാൻസ് ലൈഫ് സയൻസസ്സ് | 30000 | 1000 | 500/ 2270/ 22.2.16 | 500 |

ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-11 യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 സാമ്പത്തിക വർഷം ഡി &ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രസാമഗ്രിയുടെ കുതിരശക്തിക്കനുസരിച്ച് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വ്യാപാരം | ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസിന്റെ വിശദാംശങ്ങൾ | കുറവ് |
|---|---|---|---|---|---|---|
| 1 | മനോജ് ജോസഫ് | സാൻസ് ലാബോറട്ടറീസ് പ്രൈ. ലിമിറ്റഡ് | 711 | 7110 | 4700/ 2268/ 22.2.16 | 2410 |
| 2 | സുമേഷ് പി.എസ്. | പി.ജെ.എസ്. ഇൻഡസ്ട്രീസ് | 8 | 100 | 95/12159 | 100 |
| 3 | കെ.ജെ.ജോസ്സി | ഹൈടെക് ഇൻഡസ്ട്രീസ് | 87 | 1000 | 500/ 100267/3.5.16 | 500 |
| 4 | കെ.ജെ.ജോസ്സി | വർഷ ഇൻഡസ്ട്രിയൽ പ്രോജക്ട് | 23 | 300 | 100/ 100268/3.5.16 | 200 |
| 5 | റോജി തോമസ്സ് | റോയൽ ലാറ്റക്സ്സ് | 25 | 300 | 100/ 518/28.6.16 | 200 |
| 6 | റ്റി.വി.സ്കറിയ | ഉരിശ് നിർമ്മാണവും വിപണനവും | 38Hp | 400 | 300/ 11602101016/ 4.10.16 | 100 |
| 7 | എബിൻ ജോസ് | പാറമട | 500Hp | 5000 | 1000/ 102061/ 23.1.17 | 4000 |
| 8 | പി.ജി. ജഗന്നിവാസൻ | പാറമട | 110Hp | 1100 | 500/ 100255/ 30.4.16 | 600 |
| | ആകെ | | | | | 8410 |

ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## **2-12** ലൈസൻസ് അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

കൊഴവനാൽ ഗ്രാമ പഞ്ചായത്തിൽ വാർഡ് 1Xൽ സർവ്വെ നം 455/6 ൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിയുടെ 2016-17 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിന് (മുൻ ലൈസൻസ് നം. എ4-3510/15- 28.11.15)ഉടമയായ ശ്രീ.എൻ.ജസ്റ്റിൻ ചടയാങ്കൽ എന്നയാൾ 22.02.16ൽ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷയിൽ വേണ്ട പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി ഉടമയെ സമയബന്ധിതമായി അറിയിക്കുകയോ, ലൈസൻസ് നൽകുകയോ ചെയ്തില്ല. പഞ്ചായത്തിന്റെ ഈ നടപടിക്കെതിരെ ഉടമ ബഹു.ഹൈക്കോടതിയിൽ അന്യായം(WP(c) no- 15629/2016(c)) ഫയൽ ചെയ്തു. അന്യായം അനുവദിച്ച ബഹു. ഹൈക്കോടതി സ്ഥാപന ഉടമയ്ക്ക് ഡീംഡ് ലൈസൻസ് അനുവദിച്ചുനൽകി. സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെടുകയും വക്കീൽ ഫീസ് ഇനത്തിൽ തുക ചെലവഴിക്കേണ്ടതായും വന്നു. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാനും ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## **2-13** വാടക-കുത്തകക്കാരിൽ നിന്നും മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തത്

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച കരാർരേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാടക കൃത്യമായി ഈടാക്കുന്നതിലും കുത്തകക്കാരുമായുള്ള ലേല വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലും പഞ്ചായത്തിന്റ ഭാഗത്തു നിന്നും വീഴ്ച്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുന്നില്ല.

1.കൊഴവനാൽ കവലക്ക് സമീപം നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ 8മുറികളാണുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ 28.11.97 ലെ A1.2 35/92 പ്രകാരമുള്ള ഒമ്പതാം നമ്പർ ലേല വ്യവസ്ഥപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി ഓരോ മുറികളിൽ നിന്നും 25,000 രൂപ വീതം ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ആറു മുറികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മാത്രമാണ് ടി ഇനത്തിൽ അടവാക്കിയിട്ടുള്ളത്. ആയതിൽ രണ്ടു പേർ മാത്രമാണ് ഡെപ്പോസിറ്റ് തുക മുഴുവനും (25,000 രൂപ) അടവാക്കിയിട്ടുള്ളത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക കൃത്യമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മേൽ പരാമർശിച്ച ലേല വ്യവസ്ഥകൾ പ്രകാരം ഓരോ മുറികൾ വികലാംഗനും, എസ്.സി -എസ്.റ്റി വിഭാഗത്തിനും അനുവദിച്ചിരുന്നു. ടി മുറികൾ കൃത്യമായി രേഖപ്പെടുത്തി അനുവദിച്ചിരുന്ന വിഭാഗങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വാടക ഇനത്തിൽ കുടിശ്ശികയായി ലഭിക്കുവാനുള്ള തുക കൃത്യമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** തദ്ദേശമിത്രം പദ്ധതി പ്രകാരം ലോകബാങ്ക് ധനസഹായം-ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച്ച. 16-17 വർഷം ലഭിച്ച 2 കോടി രൂപ വിനിയോഗിച്ചില്ല

ട്രൈബൽ ക്ലസ്റ്റേഴ്സുള്ളതും പിന്നാക്കാവസ്ഥയിലുള്ളതുമായ ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശമിത്രം പദ്ധതി പ്രകാരം അധികധനസഹായം അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ ഏതാനും ചില പഞ്ചായത്തുകളിൽ കൊഴവനാൽ ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ഇത് പ്രകാരം ലോകബാങ്ക് പ്രത്യേക ഗ്രാന്റ് ഇനത്തിൽ 30.11.2016 ലെ ജി.ഒ (ആർ.ടി) നം.9307/2016/ഫിൻ പ്രകാരം 2016-17 വർഷം അലോട്ട്മെന്റായി 2 കോടി രൂപ ലഭിച്ചിരുന്നു. വിവിധങ്ങളായ ഫോക്കസ് ഗ്രൂപ്പുകളുടെ ചർച്ചകൾക്ക് ശേഷം തയ്യാറാക്കപ്പെട്ട വിശദമായ 14 പ്രോജക്ട് നിർദ്ദേശങ്ങൾ

അടങ്ങിയ റിപ്പോർട്ട്(DPR) കെ .എൽ. ജി .എസ് .ഡി.പി പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും തുടർന്ന് 2 കോടി രൂപയായി പരിമിതപ്പെടുത്തി. അന്തിമമായി അംഗീകാരം ലഭിച്ചിട്ടുള്ളത് താഴെപ്പറയുന്ന പ്രവൃത്തികൾക്കാണ്.

1-മേവട കമ്മ്യൂണിറ്റി ഹാൾ (അടങ്കൽ-1,23,30,000/-രൂപ

2-തോടനാൽ ആയുർവ്വേദാശുപത്രി അഡീഷണൽ ബ്ലോക്ക് (അടങ്കൽ-56,34,000/-രൂപ)

3-കെഴുവംകുളം തോട് ആലുതറപ്പാറ ചെക്ക് ഡാം നിർമ്മാണം (അടങ്കൽ-20,36,000/-രൂപ)

പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണമേൽനോട്ടത്തിനായി മാത്രം പ്രോജക്ട് ഡയറക്ടറുടെ നിർദ്ദേശാനുസരണം 5.11.16 മുതൽ കരാർ അടിസ്ഥാനത്തിൽ ഒരു ഓവർസീയറെ നിയമിച്ചിട്ടുമുണ്ട്.(ഉത്തരവ് നം.എ1-3308/16 തീ:1.11.16)

മേൽ 3 പ്രവൃത്തികളുടേയും ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. എല്ലാ പ്രവൃത്തികളുടേയും ടെണ്ടറിൽ വലിയ മൽസരക്ഷമത ഉണ്ടായതിന്റെ ഫലമായി താരതമ്യേന കുറഞ്ഞ നിരക്കിലാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്.(മേൽ പ്രവൃത്തികൾക്ക് യഥാക്രമം 31.24%, 20.45%, 31% എന്നിങ്ങനെയാണ് എസ്റ്റിമേറ്റിൽ നിന്നും കുറവായ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്.)ഇത്രയും വലിയ ടെണ്ടർ കുറവിന് ആനുപാതികമായ വിധം ബാങ്ക് ഗ്യാരണ്ടി വാങ്ങിയിട്ടുണ്ടെങ്കിലും ആയവയുടെ വിവരം രജിസ്റ്റർ ഓഫ് വാല്യുബൾസിൽ ചേർക്കുകയോ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.(യഥാക്രമം 24,09,572/-രൂപ, 6,24,090/-രൂപ, 5,16,000/-രൂപ എന്നീ തുകകളുടെ ഫെഡറൽ ബാങ്കിൽ നിന്നുള്ള ബാങ്ക് ഗ്യാരണ്ടികൾ ഫയലിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കാണപ്പെട്ടു)

മേൽ പ്രവൃത്തികളുടെ നിർവ്വഹണം നടന്നുവരുന്ന സ്ഥലങ്ങൾ ഗ്രാമപഞ്ചായത്ത് എൽ എസ് ജി ഡി വിഭാഗം ഓവർസീയർ, തദ്ദേശമിത്രം പദ്ധതിക്കായി നിയമിക്കപ്പെട്ടിട്ടുള്ള ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് സമാപിക്കുന്ന ദിവസം നേരിൽ സന്ദർശിച്ചു. ക്ര.നം.3ൽ പരാമർശിച്ചിട്ടുള്ള ചെക്ക് ഡാം നിർമ്മാണത്തിൽ മാത്രമാണ് പുരോഗതി കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില സ്വകാര്യ വ്യക്തികളുടെ പരാതിയെ തുടർന്ന് നിലവിൽ പാലാ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ 18.5.17 ലെ എം.1/1724/17 നമ്പർ ഉത്തരവ് പ്രകാരം ചെക്ക് ഡാമിന്റെ തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. ചെക്ക് ഡാമിന്റെ പ്രധാന പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ രൂപരേഖ തയ്യാറാക്കുന്നതിൽ ഗുരുതരമായ പാളിച്ച സംഭവിച്ചിട്ടുള്ളതായി നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. വളരെ വീതി കുറഞ്ഞ തോട്ടിലൂടെ ഒഴുകിയെത്തുന്ന വെള്ളം സംഭരിക്കുന്നതിന് ബോക്സ് മാതൃകയിൽ നിർമ്മിച്ചിട്ടുള്ള ചെക്ക് ഡാമിന്റെ ഭാഗത്ത് മാത്രമാണ് സാമാന്യം വീതിയുള്ളത്. കമ്പകം തടിയുടെ പലക ഉപയോഗിച്ച് 3 തട്ടുകളായി ഷട്ടർ സ്ഥാപിക്കുന്നതിനുള്ള നിർമ്മിതി പൂർത്തിയായിട്ടുണ്ടെങ്കിലും ഒരു പലക ഷട്ടറായി സ്ഥാപിച്ചപ്പോൾ തന്നെ സമീപസ്ഥ പുരയിടങ്ങളിലേയ്ക്ക് വെള്ളം കയറിയതായി സമീപവാസികൾ അറിയിച്ചു. ഷട്ടർ സ്ഥാപിക്കുമ്പോൾ പുറകിലേയ്ക്ക് തള്ളപ്പെടുന്ന ജലവിധാനത്തിന്റെ ലെവൽസ് എടുക്കാതെ ഇത്രയും വലിയ ഒരു നിർമ്മിതി ഏറ്റെടുത്തത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപമാണ്. സമീപസ്ഥമായ പ്രദേശങ്ങളിൽ തോട് കൈയ്യേറിയതായി പറയുന്നുണ്ടെങ്കിലും സമീപസ്ഥ കൃഷിയിടങ്ങളിലേയ്ക്ക് വെള്ളം കയറുന്ന സാഹചര്യമുണ്ടായാൽ ചെക്ക് ഡാമിന്റെ ഷട്ടറുകൾ സ്ഥാപിക്കാൻ കഴിയാതെ വരുകയും അടിസ്ഥാന നിർമ്മാണ ഉദ്ദേശ്യം തന്നെ പരാജയപ്പെടുകയും ചെയ്യും. ചെക്ക് ഡാമിന് തൊട്ട് താഴെയുള്ള വെള്ളച്ചാട്ടത്തിന്റെ മനോഹാരിത കൂട്ടി വിനോദ സഞ്ചാരികളെ ആകർഷിച്ച് വരുമാനദായകമാക്കാം എന്ന പ്രോജക്ട് ലക്ഷ്യവും കൈവരിക്കാൻ കഴിയില്ല. ഈ പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുത്ത കരാറുകാരന് ടെണ്ടർ കിഴിവിന് ശേഷം 14 ലക്ഷം രൂപയ്ക്ക് മേൽ നൽകേണ്ടതായിട്ടുണ്ട്. മറ്റ് രണ്ട് പ്രവൃത്തികളുടേയും പ്രാരംഭ ഘട്ടങ്ങൾ മാത്രമാണ് തുടങ്ങിയിട്ടുള്ളതെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച അലോട്ട്മെന്റ് സാമ്പത്തിക വർഷാവസാനം ലാപ്സായത് നടപ്പ് വർഷം വീണ്ടും അലോട്ട് ചെയ്ത് ലഭിച്ചിട്ടില്ല(ഓഡിറ്റ് തീയതി വരെ). മാത്രമല്ല ലോകബാങ്ക് ഗ്രാന്റിന്റെ വിനിയോഗ കാലാവധി എന്നുവരെയാണെന്നതിൽ വ്യക്തതയുമില്ല.

ഈ സാഹചര്യത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഗുണ നിലവാരവും പ്രയോജനവും ഉറപ്പ് വരുത്തുന്നതിലും ഇത് സംബന്ധമായ ഫയൽ ചിട്ടയായി സൂക്ഷിക്കുന്നതിലും ജാഗ്രതാ പൂർണ്ണമായ സമീപനം ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികൃതരുടെ സജീവ ശ്രദ്ധ മേൽ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നതോടൊപ്പം ചെക്ക് ഡാം രൂപ രേഖ തയ്യാറാക്കിയതിലെ അപാകത സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് ശുപാർശചെയ്യുന്നു.

## 3-2 കൃഷിഭവൻ മെയിന്റനൻസ്-ഗുണഭോക്തൃസമിതി ചെയ്ത പ്രവൃത്തിക്ക് കരാറുകാരന്റെ

## ലാഭവും ഓവർഹെഡ് ചാർജ്ജും നല്കി

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | 0014/17, കൃഷിഭവൻ മെയിന്റനൻസ് |
| ഫണ്ടിനം/അടങ്കൽ | വികസനഫണ്ട്, 81945/- |
| കൺവീനർ | ആന്റണി വി.ജെ. |
| അളവുപുസ്തകം | ഇല്ല |
| എഗ്രിമെന്റ് നമ്പർ | 50/AE/LSGD/KP/15-16 Dt.8.09.2015 |
| ചെലവ്/ബിൽ നമ്പർ | 1,00,000/- |
| കൺവീനർക്ക് നല്കിയത് | 73,946(18,505 നല്കാൻ അവശേഷിക്കുന്നു) |

2015-16 പദ്ധതിയിൽപ്പെടുത്തി കൃഷിഭവൻ കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വേണ്ടിയാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയത്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തിക്ക് 2014ലെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനമാക്കി കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് എസ്റ്റിമേറ്റ്റിപ്പോർട്ടിൽ പറയുന്നു. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ പഞ്ചായത്തിന് ധന നഷ്ടം വരുത്തുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1.എസ്റ്റിമേറ്റ് പ്രകാരവും അളവുപുസ്തകപ്രകാരവും 2-ാം ഇനമായി ചെയ്തിട്ടുള്ളത് 0.35 മി.മി ജി.ഐ ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിയാണ്. ആകെ ചെയ്ത 13.35 ച.മീ റൂഫിംഗിന് ചതുരശ്രമീറ്ററിന് 616 രൂപ നിരക്കിൽ 8,223.60 രൂപ കൺവീനർക്ക് നല്കിയിട്ടുണ്ട്. കോട്ടയം ജില്ലക്ക് വേണ്ടി തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് പ്രസിദ്ധം ചെയ്ത ഒബ്സേർവ്ഡ് ഡാറ്റാ OD Buildings-2 ക്ര.നം 208 പ്രകാരം ഈ പ്രവൃത്തിക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കി അനുവദിക്കാവുന്നത് 536 രൂപ/ച.മീ ആണ്.

| | |
|---|---|
| കരാറുകാർക്ക് അനുവദനീയമായ ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെട്ടതും 13.35 ച.മീ പ്രവൃത്തിക്ക് കൺവീനർക്ക് നല്കിയതുമായ തുക @616/ച.മീ | 8,223.6 |
| കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കി 13.35 ച.മീ പ്രവൃത്തിക്ക് കൺവീനർക്ക് അനുവദിക്കാവുന്ന തുക (536 രൂപ/ച.മീ നിരക്കിൽ.) | 7,155.6 |
| അധികം നല്കിയത് | 1,068 രൂപ |

2. ഇനം 4 ആയി ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത് 22.25 കി.ഗ്രാം അലുമിനിയം ജനൽ ഫ്രെയിം നിർമ്മാണമാണ്. ഇതിന് (DSR 21.5) പ്രകാരമുള്ളതും ഫാൾസ് സീലിംഗിന് ഫ്രെയിം നിർമ്മിക്കുന്നതിന് നല്കുന്നതുമായ നിരക്കാണ് നല്കിയിട്ടുള്ളത്(കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കി 574.10/കി.ഗ്രാം). വിശദമായ പരിശോധനയിൽ ജനൽ ഫ്രെയിം നിർമ്മാണത്തിന് DSR 21.1.1.2 പ്രകാരമുള്ളതും കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ളതുമായ 462.98 രൂപ അനുവദനീയമാണെന്ന് കാണുന്നു.

| | |
|---|---|
| 22.25 കി.ഗ്രാമിന് കൺ വീനർക്ക് നല്കിയത്@574.10/കി.ഗ്രാം | 12,773.73 |
| 22.25 കി.ഗ്രാമിന് കൺവീനർക്ക് നല്കാവുന്നത് @462.98/കി.ഗ്രാം | 10,301.31 |
| അധികം നല്കിയത് | 2,472.42 രൂപ |

3.ഇനം 10 ആയി ചെയ്തിട്ടുള്ളത് 57.60 ച.മീ സിമന്റ് കട്ട പാകലാണ് ഇതിന് DSR 16-68 പ്രകാരമുള്ളതും കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെട്ടതുമായ നിരക്ക് 844/ച.മീ നല്കിയിട്ടുണ്ട്. ഇതിന് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയ നിരക്കായ 738.09/ച.മീ നല്കാവുന്നതാണ്.

| | |
|---|---|
| 57.6ച.മീറ്ററിന് കൺ വീനർക്ക് നല്കിയത്@844/ച.മീ | 48,614.4 |
| 57.6ച.മീറ്ററിന് കൺവീനർക്ക് നല്കാവുന്നത് @738.09/ച.മീ | 42,513.98 |
| അധികം നല്കിയത് | 6,100.42 രൂപ |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം പഞ്ചായത്തിന് മേൽപറഞ്ഞ 3 ഇനങ്ങളിലായി 9,640.84 രൂപ നഷ്ടമുണ്ടായിട്ടുള്ളതായികാണുന്നു(1068+2472.42+6100.42). അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സാങ്കേതിക അനുമതിക്ക് വിധേയമായി മാത്രമാണ് പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന തൃപ്തികരമല്ലാത്ത മറുപടിയാണ് നല്കിയിട്ടുള്ളത്. നഷ്ടം വന്ന തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതിക അനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എന്നിവരിൽ നിന്നും തുല്യമായി ഇടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-3 അങ്കണവാടികളുടെ നവീകരണം - അധിക നിരക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | 10/17, അങ്കണവാടികളുടെ നവീകരണം |
| ഫണ്ടിനം/അടങ്കൽ | വികസനഫണ്ട്, 14,800/-<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) 2,85,200/-<br>ആകെ 3,00,000/- |
| കരാറുകാരൻ | സിജുമോൻ സി. |
| അളവുപുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| എഗ്രിമെന്റ് നമ്പർ | 45/AE/LSGD/KP/15-16 Dt.8.09.2015 |
| ചെലവ്/ ബിൽ നംപർ | 148221/-(2015-16പാർട്ട്) |
| കൺവീനർക്ക് നല്കിയത് | 121117/-(2015-16പാർട്ട്) |

പഞ്ചായത്തിലുള്ള 4 അങ്കണവാടികളുടെ നവീകരണം ലക്ഷ്യമിട്ട് തയ്യാറാക്കിയതാണ് ഈ പദ്ധതി. എസ്റ്റിമേറ്റിന്റെ അനുബന്ധം ബി ആയി മലയിരുത്തി അങ്കണവാടിയുടെ നവീകരണവും അനുബന്ധം സി ആയി തോക്കാട്അങ്കണവാടിയുടെ നവീകരണവും ചെയ്തിട്ടുണ്ട്. ഈ രണ്ട് അങ്കണവാടികളിലും മേല്ക്കൂരയിൽ പി.വി.സി സീലിംഗ് ഉറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| അനുബന്ധം ബി മലയിരുത്തി അങ്കണവാടിയുടെ നവീകരണം | | | |
|---|---|---|---|
| ഇനം1 | പി.വി.സി സീലിംഗ് | 25.41ച.മീ @ 636.24 | 16166.86 |
| ഇനം2 | സീലിംഗിന് ആവശ്യമായ അലുമിനിയം<br>ഫ്രെയിം വർക്ക് (DSR 21.5) | 22.73 കി.ഗ്രാം@660.21 | 15006.57 |
| | ആകെ | | 31,173 |
| | ചതുരശ്രമീറ്ററിന് ചെലവ് | 31173/25.41 | 1226.80/ച.മീ |

| അനുബന്ധം സി ആയി തോക്കാട് അങ്കണവാടിയുടെ നവീകരണം | | | |
|---|---|---|---|
| ഇനം1 | പി.വി.സി സീലിംഗ് | 23.48ച.മീ @ 636.24 | 14938.92 |
| ഇനം2 | സീലിംഗിന് ആവശ്യമായ അലുമിനിയം<br>ഫ്രെയിം വർക്ക്(DSR 21.5) | 18.44കി.ഗ്രാം@660.21 | 12174.27 |
| | ആകെ | | 27113 |
| | ചതുരശ്രമീറ്ററിന് ചെലവ് | 27113/23.48 | 1154/ച.മീ |

2014 ഡി.എസ്.ആർ ൽ പി.വി.സി സീലിംഗ് എന്ന ഇനം ഉൾപ്പെട്ടിട്ടില്ല. പകരം ഇ-ബോർഡ് സീലിംഗ് ഉൾപ്പെടെയുള്ള ഫോൾസ് സീലിംഗിനുള്ള സ്പെസിഫിക്കേഷനാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന് അലുമിനിയം ഫ്രെയിം നിർമ്മിക്കുന്നതിന് ആവശ്യമുള്ള മെറ്റീയൽസ് ഉപയോഗിച്ചുള്ള ഡാറ്റയാണ് 21.5.ൽ പ്രതിപാദിച്ചിട്ടുള്ളത്. താരതമ്യേന കനം കുറഞ്ഞ പി.വി.സി സീലിംഗ് ചെയ്യുമ്പോൾ അലുമിനിയം ഫ്രെയിം നിർമ്മാണത്തിന് മേൽ പറഞ്ഞ അളവിൽ മെറ്റീരിയൽസ് ഉപയോഗിക്കേണ്ടതായി വരുന്നില്ല. ഈ സാഹചര്യത്തിൽ പ്രായോഗികതലത്തിൽ അനുവർത്തിക്കുന്ന സ്പെസിഫിക്കേഷൻ പരിഗണിച്ച് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയായിരുന്നു അലുമിനിയം ഫ്രെയിം നിർമ്മാണത്തിന് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. (നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പാലിക്കാൻ കഴിയാതെ വരുമ്പോൾ) കോട്ടയം ജില്ലയിൽ തന്നെ വിവിധ സ്ഥലങ്ങളിൽ ഇതേ കാലയളവിൽ കൺവീനർ നിർവ്വഹിച്ച പ്രോജക്റ്റുകളിൽ ചതുരശ്രമീറ്ററിന് 700 മുതൽ 850 രൂപ വരെ ചെലവാണ് ഉണ്ടായിട്ടുള്ളത്. മേൽ പറഞ്ഞ പ്രവൃത്തികളിൽ ചതുരശ്രമീറ്ററിന് 375 രൂപ വരെ അധികച്ചെലവ് വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത മൂലം

പഞ്ചായത്തിന് മേൽ തരത്തിൽ നഷ്ടം വരുത്തിയതിനും കൂടാതെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന നിർമ്മാണങ്ങൾ ഒറ്റ എസ്റ്റിമേറ്റ് പ്രകാരം ഏറ്റെടുത്ത നടപടിയിലും വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചെയ്ത അളവിൽ മെറ്റീരിയൽസ് ആവശ്യമാണെന്നും സാങ്കേതിക അനുമതിക്ക് വിധേയമായി മാത്രമാണ് പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നുമുള്ള മറുപടിയാണ് നല്കിയിട്ടുള്ളത്. നിരക്കിലുണ്ടായ വർദ്ധനവ് വിശദീകരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപറഞ്ഞ രണ്ട് പ്രവൃത്തികൾക്ക് ചെലവഴിച്ച 58,286/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് കണക്കാക്കി തുക ക്രമീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 തനത് ഫണ്ട് ചെലവുകൾ

താരതമ്യേന തനത് ഫണ്ട് കുറവുള്ള സ്ഥാപനമെന്ന നിലയിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് മിതത്വം പാലിക്കുന്നുണ്ടോ എന്നും ചെലവു നിയന്ത്രിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടോ എന്നും ഓഡിറ്റിൽ പ്രത്യേകമായി പരിശോധിക്കുകയുണ്ടായി. ഭരണപരമായ ചെലവുകൾ മാത്രമാണ് തൻവർഷം ഉണ്ടായിട്ടുള്ളത്. റിട്ടയർ ചെയ്ത ജീവനക്കാരന്റെ ടെർമിനൽ സറണ്ടർ, സെറിഫെഡിൽ നിന്നും വന്ന ജീവനക്കാരന്റെ കുടിശിക ശമ്പളം എന്നിവ തൻവർഷം കൊടുക്കേണ്ടി വന്നത് തനത് ചെലവ് വർദ്ധിക്കുന്നതിന് കാരണമായി.തൻവർഷം തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>വൈദ്യുതി ചാർജ് കൃത്യമായ കണക്കില്ലാതെ അടക്കുന്നു.</u>

പഞ്ചായത്തിന് പ്രതിമാസം വൈദ്യുതി ചാർജ് ഇനത്തിൽ 50,000/- രൂപക്കടുത്ത് ചെലവ് വരുന്നുണ്ട്. ഇതിൽ സ്ട്രീറ്റ്ലൈറ്റിന് 36,452/- രൂപയും വിവിധ കൺസ്യൂമർ നമ്പറുകൾക്ക് ബാക്കി തുകയും അടവാക്കുന്നുണ്ട്. സ്ട്രീറ്റ്ലൈറ്റിന് മീറ്റർ ഘടിപ്പിച്ച് റീഡിംഗ് പ്രകാരമുള്ള തുക അടക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. മീറ്റർ ഘടിപ്പിക്കുന്നതിന് ആദ്യം ചെലവ് വരുമെങ്കിലും പ്രതിമാസ ചെലവിൽ ഗണ്യമായ കുറവുവരുമെന്നതിനാൽ മീറ്റർ സമ്പ്രദായം തെരഞ്ഞെടുക്കുന്നത് ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്.

<u>തനത്ഫണ്ടിൽ നിന്ന് നല്കുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല.</u>

ഓഡിറ്റ് സമയത്ത് ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക നല്കിയ തീയതി | ആവശ്യം | തുക |
|---|---|---|
| 03.12.16 | പ്രേരകിന് നല്കിയ ഓണറേറിയം | 11,600 |
| 05.06.16 | പ്രേരകിന് നല്കിയ ഓണറേറിയം | 26,100 |
| 29.12.16 | പ്രേരകിന് നല്കിയ ഓണറേറിയം | 8,700 |
| 23.02.17 | തൊഴിലുറപ്പ് പദ്ധതി ഫോൺ ചാർജ് | 1,662 |
| 23.03.17 | പ്രേരകിന് നല്കിയ ഓണറേറിയം | 22,239 |
| | ആകെ | 70,301 |

മേൽപറഞ്ഞ ചെലവുകൾ തനതു ഫണ്ടിൽ നിന്നും മുൻകൂറുകൾ നല്കാമെങ്കിലും യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>പ്രതിമാസ സീലിംഗ് പാലിക്കാതെ അധികതുക നല്കി</u>

ദിവസവേതനക്കാരുടെ വേതനം പുതുക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവു പ്രകാരം 1.4.16 മുതൽ ഡ്രൈവറുടെ ദിവസവേതനം 650/- രൂപയും പ്രതിമാസ സീലിംഗ് 17,750/- രൂപയുമാണ്(ജി.ഒ. പി 28/16 തീ 26.2.2016). എന്നാൽ ഡ്രൈവർ ശ്രീ ജോർജ് ജോസഫിന് 4/16 ലെ വേതനം നല്കിയപ്പോൾ പ്രതിമാസ സീലിംഗ് പാലിക്കാതെ 19,500/- രൂപ നല്കിയിട്ടുണ്ട്. അധികം നല്കിയ 1,750/- രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 15.7.2017ൽ നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുക അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഭരണചെലവിന് മെയിന്റനൻസ്ഗ്രാന്റ് വകയിരുത്തിയിട്ടും തനത് ഫണ്ട് ചെലവഴിച്ചു.

2016-17 വർഷം തനത്ഫണ്ടിലെ കുറവുമൂലം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്, വാട്ടർ ചാർജ് തുടങ്ങിയവ അയവാക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,25,000/- രൂപ വകയിരുത്തുകയും 1,16,863/- രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ 23.5.16 ൽ കൃഷിഭവന് വൈദ്യുതി ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നല്കിയ 2,838/- രൂപ പ്രോജക്ട് ചെലവിൽ നിന്നും ക്രമീകരിച്ചില്ല. പദ്ധതി അടങ്കലിൽ 8,137/- ബാക്കി ഉണ്ടായിട്ടു പോലും തുക ക്രമീകരിക്കാതിരുന്നത് ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായ വീഴ്ചയാണ്.

## 3-5 ആശ്രയ പദ്ധതി -രണ്ടാംഘട്ട സേവനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചില്ല

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി എസ്.ബി.റ്റി കൊഴുവനാൽ ശാഖയിൽ ആരംഭിച്ച 67213347343- ാം നമ്പർ അക്കൗണ്ടിൽ 27.2.2013 ൽ ക്രഡിറ്റ് ചെയ്യപ്പെട്ട ചലഞ്ച് ഫണ്ട് ആയ 9,00,600/- രൂപയിൽ 31.3.17 ൽ 2,92,784/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. 41 അഗതി കുടുംബങ്ങൾക്കുള്ള പരിചരണ സേവനങ്ങൾ ലഭ്യമാക്കിയിരുന്നു. നിലവിൽ 33 അഗതി കുടുംബങ്ങൾക്കാണ് പരിചരണ സേവനങ്ങൾ ലഭ്യമാക്കുന്നത്.
ആശ്രയ രണ്ടാംഘട്ടം സാമ്പത്തിക വിനിമയങ്ങൾക്കായി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ കൊഴുവനാൽ ശാഖയിൽ ആരംഭിച്ചിട്ടുള്ള 0040053000019167- ാം നമ്പർ അക്കൗണ്ടിൽ ചലഞ്ച് ഫണ്ടായി 11,03,976/- രൂപ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 31.3.17 ൽ 5,76,190/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.
ആശ്രയ പദ്ധതിക്കായുള്ള പഞ്ചായത്ത് വിഹിതമായി വികസനഫണ്ടിൽ നിന്നും നൽകിയിട്ടുള്ള തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെങ്കിലും ഒന്നാം ഘട്ടത്തിലെ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് പരിചരണ സേവനങ്ങൾ നൽകുന്നതിലെ കാര്യക്ഷമതയില്ലായ്മ വ്യക്തമാക്കുന്നു. കൂടാതെ രണ്ടാം ഘട്ട സേവനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചിട്ടുമില്ല. ആശ്രയ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിലൂടെ സ്ഥായിയായ ആസ്തികളും തൊഴിൽദിനങ്ങളും സൃഷ്ടിച്ചത് മാതൃകാപരം

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന റോഡുകൾ പ്രാദേശികമായി ലഭ്യമായ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ നിയോഗിച്ചും ആവശ്യമായ സാധനസാമഗ്രികൾ പ്രാദേശികമായി വാങ്ങിയും കോൺക്രീറ്റിങ്ങ് ചെയ്യുന്നതിന് സാധിച്ചതായി ഓഡിറ്റിൽ നടത്തിയ പൊതുവായ വിലയിരുത്തലിൽ വ്യക്തമായി.

1-തോട്ടുവാ-മൂലമുണ്ട് റോഡ് കോൺക്രീറ്റിങ്ങ്(വാർഡ് -3 മേവട ഈസ്റ്റ്)

2-പാലക്കുഴക്കുന്ന്-ചൂരനോലിൽ റോഡ്(വാർഡ്-4,മേവട വെസ്റ്റ്)

3-ആയില്യംകുന്ന്അമ്പലം-മോനിപ്പള്ളി റോഡ്(വാർഡ് 5,മേവട)

4-മൂലേത്തുണ്ടി-കാരിത്തോട്ടം റോഡ്(വാർഡ് 7,തോടനാൽ ഈസ്റ്റ്)

5-മനക്കുന്ന്-മണ്ണാനി റോഡ്(വാർഡ് 9,മനക്കുന്ന്)

6-ചൂരയ്ക്കൽ-കിഴതറ റോഡ്(വാർഡ് 11,കൊഴുവനാൽ ടൗൺ)(നീളം-60മീറ്റർ)

7-പുത്തൻപുര തേക്കനാൽ-കപ്പിലുകുന്ന് റോഡ്(വാർഡ് 10,തോക്കാട്)(നീളം-137 മീറ്റർ)

8-പറമ്പകത്ത്-ചുളയില്ലാപ്ലാക്കൽ റോഡ്(വാർഡ് 11,കൊഴുവനാൽ ടൗൺ)(നീളം-98 മീറ്റർ)

മേൽ റോഡുകളിൽ ക്രമ നം.5 വരെയുള്ളവ 174 മീറ്റർ നീളത്തിലും ശരാശരി 2.5 മീറ്റർ വീതിയിലും മറ്റുള്ളവ ശരാശരി 2.9 മീറ്റർ വീതിയിലും താരതമ്യേന കുറഞ്ഞ ചെലവിൽ ഗുണനിലവാരത്തോട് കൂടി കോൺക്രീറ്റ് ചെയ്യാൻ സാധിച്ചത് നേട്ടവും മാതൃകാപരവുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-7 ജലനിധി പദ്ധതി-അവലോകനം

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ ഭാഗമായി കുടുംബ കേന്ദ്രീകൃതമായി 13 ഗുണഭോക്തൃഗ്രൂപ്പുകളെ (BG) കണ്ടെത്തി ഇവ അടിസ്ഥാനമാക്കി ആകെ 3.89 കോടി രൂപയുടെ അടങ്കൽ നിശ്ചയിച്ച് ജലവിതരണ പദ്ധതികളുടെ സംരക്ഷണം, വിപുലീകരണം എന്നിവയ്ക്കായുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച്

തുടങ്ങിയിട്ടുണ്ട്. ഓരോ പദ്ധതിയുടേയും ഭാഗമായി പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുക/നിലവിലുള്ളവ നവീകരിക്കുക, കവർസ്ലാബ്/മേൽക്കൂര നിർമ്മാണം, പമ്പ് സ്ഥാപിക്കൽ, പമ്പിംഗ് മെയിൻ,ഓവർഹെഡ് ടാങ്ക് നിർമ്മാണം, വിതരണ ലൈൻ, വാട്ടർ മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ആകെ 3.89 കോടി രൂപ അടങ്കലിലുള്ള പദ്ധതിയാണ് വിവിധ വാർഡുകളിലായി ഏറ്റെടുത്ത് വരുന്നത്. രൂപീകരിക്കപ്പെട്ട ഗുണഭോക്തൃഗ്രൂപ്പുകൾ സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | ഗുണഭോക്തൃ ഗ്രൂപ്പിന്റെ പേര് | ആകെ കുടുംബങ്ങളുടെ എണ്ണം | സാങ്കേതികാനുമതി തുക |
|---|---|---|---|
| 2 | കെഴുവംകുളം | 420 | 28,00,000 |
| 3 | പാലപ്പുഴക്കുന്ന് | 353 | 16,40,310 |
| 5 | അയിലംകുന്ന് | 174 | 53,06,620 |
| 6 | മൂലേത്തുണ്ടി | 320 | 32,12,000 |
| 7 | മാന്നാനി | 50 | 50,00,000 |
| 7 | കുട്ടുങ്ങൽ | 54 | 47,76,000 |
| 8 | ത്രിവേണി | 69 | 8,90,870 |
| 9 | മനക്കുന്ന് | 76 | 59,92,200 |
| 9 | വടയാർ | 48 | 42,31,000 |
| 10 | വാക്കപ്പുലം | 224 | 2,32,190 |
| 10 | തോക്കാട് | 80 | 4,55,285 |
| 11 | കൊഴുവനാൽ | 249 | 8,85,025 |
| 13 | പരുന്താനിക്കുന്ന് | 80 | 35,00,000 |

മേൽ പട്ടിക പ്രകാരമുള്ള ജലനിധി പദ്ധതികളുടെ സഹായ സംഘടനയായി പ്രവർത്തിക്കുന്നത് പാലാ സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന എൻ.ജി.ഒ(Non Governmental Organisation) ആണ്. പഞ്ചായത്ത്കമ്മറ്റിയുടെ 6.5.16 ലെ 1(2) -ാം നമ്പർ തീരുമാനപ്രകാരം ജലനിധി പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 65,85,000/-രൂപയിൽ ആദ്യവിഹിതമായി 5 ലക്ഷം രൂപ നൽകിയെന്നും ബാക്കിയുള്ള ആനുപാതികമായ വിഹിതം വികസന ഫണ്ടിൽ നിന്നും സാധ്യമായ മറ്റ് സ്രോതസ്സുകളിൽ നിന്നും നൽകാൻ തയ്യാറാണെന്നും തുടർനടപടികൾ സ്വീകരിക്കണമെന്നും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ 26.9.16 ലെ 1(2) -ാം തീരുമാനത്തിൽ ഇത്രയും കൂടിയ തുക കണ്ടെത്താൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ പഞ്ചായത്ത് വിഹിതമായുള്ള തുക ഒടുക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ച് നൽകണമെന്ന് ജില്ലാ പഞ്ചായത്ത് അധികൃതരോട് അഭ്യർത്ഥിച്ചിട്ടുള്ളതായും കാണുന്നു. ജലനിധി പദ്ധതിയുടെ സാമ്പത്തിക വിനിമയങ്ങൾക്കായി കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിൽ എസ്.ബി.റ്റി യിൽ(നിലവിൽ എസ്.ബി.ഐ) ആരംഭിച്ചിട്ടുള്ള 67338973593-ാം നമ്പർ എസ്.ബി അക്കൗണ്ടിലേയ്ക്ക് തൻവർഷം പ്രോജക്ട് നം.എസ്.0020/17 പ്രകാരം വിവിധ തീയതികളിലായി 19,71,580/-രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചിട്ടുണ്ട്. (ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 10 ലക്ഷം രൂപ സാമ്പത്തിക വർഷാവസാനത്തിന് ശേഷവും പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്). ഇപ്രകാരം പഞ്ചായത്ത് ഷെയറായി താരതമ്യേന കൂടിയ തുക നൽകിയിട്ടും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിലും ശരിയായ ഇടപെടലും മോണിറ്ററിങ്ങും നടത്തുന്നതിലും ഗ്രാമപഞ്ചായത്തധികൃതർ വേണ്ടത്ര ശ്രദ്ധിക്കുന്നതായി കാണുന്നില്ല. KREWS പ്രോജക്ട് ഡയറക്ടറുടെ അനുവാദ ഉത്തരവുകൾ പ്രകാരം ഫണ്ട് അതാത് ബി.ജി ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്കും സഹായ സംഘടനയുടെ വിഹിതമായും നൽകുന്ന ചുമതല മാത്രമാണ് ഗ്രാമപഞ്ചായത്ത് പ്രധാനമായും നിർവ്വഹിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിന്റെ പല

ജലവിതരണ പദ്ധതികളുടേയും പുനരുദ്ധാരണ പ്രവൃത്തികൾ ജലനിധി പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി പുനരുപയോഗിക്കാവുന്ന രീതിയിൽ ലഭ്യമാവുന്ന പൈപ്പുകളും മറ്റ് സാമഗ്രികളും എപ്രകാരം ഉപയോഗപ്പെടുത്തുന്നുവെന്ന് പഞ്ചായത്തധികൃതർക്ക് വേണ്ടത്ര ധാരണയുള്ളതായി കാണുന്നില്ല.(ഓഡിറ്റ് ടീം ഭൗതീക പരിശോധന നടത്തിയ അയിലംകുന്ന് പദ്ധതി പ്രദേശത്ത് ഇപ്രകാരം പൊളിച്ചെടുക്കാവുന്ന രീതിയിലുള്ള പി വി സി പൈപ്പുകൾ വിന്ന്യസിച്ചിട്ടുള്ളതായി കാണപ്പെട്ടു). വിവിധ ബി .ജി ഗ്രൂപ്പുകളുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി ഓഡിറ്റിൽ പൊതുവായി വിലയിരുത്തിയതിൽ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാവും വിധം ബി.ജി ഗ്രൂപ്പുകളുടെ കാര്യക്ഷമതക്കുറവും കേസുകളും മറ്റും നിലനിൽക്കുന്നതായി കാണുന്നു.(കെഴവംകുളം ബി ജി ഗ്രൂപ്പിന്റെ തുക കൈമാറിയിട്ടില്ല.മനക്കുന്ന് കിണർ നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ളതായി അറിയുന്നു.പരുന്താനിക്കുന്നിലെ തുടർ പ്രവൃത്തികൾ കേസ് മൂലം തടസ്സപ്പെട്ടിരിക്കുകയാണ്). ജലനിധി പദ്ധതിയുടെ ടീം ലീഡറുമായി ആശയവിനിമയം നടത്തിയതിൽ പല സ്കീമുകളുടേയും ജല സ്രോതസ്സുകൾ പര്യാപ്തമല്ലയെന്നാണ് അറിയിച്ചത്. കേരള വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ ഏറ്റെടുക്കാത്തതിനാലും വാട്ടർ അതോറിറ്റിയുമായി ജലം പങ്കിടുന്നത് സംബന്ധിച്ച് (Bulk Water Sharing) നടപടികൾ സ്വീകരിക്കാത്തതിനാലും പ്രോജക്ടുകൾ ജലദൗർലഭ്യം രൂക്ഷമായ വേനൽക്കാലത്ത് ഉപകാരപ്പെടുമോയെന്നതിൽ സംശയം നിലനിൽക്കുന്നു. കൂടാതെ കമ്മീഷൻ ചെയ്ത പദ്ധതികളുടെ പൂർണ്ണമായ നടത്തിപ്പും തുടർ അറ്റകുറ്റപ്പണികളും അതാത് ബി .ജി ഗ്രൂപ്പുകളുടെ ചുമതലയിൽ ആയതിനാൽ ഇവയെ ശാക്തീകരിക്കുന്നതിനുള്ള (Strengthening and Capacity Development of B.G Groups) നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

ജലനിധി പദ്ധതി നടത്തിപ്പ് ഓഡിറ്റിൽ പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട മേൽ സാഹചര്യങ്ങളും അപാകതകളും പരിഹാര നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 10.03.17 | 10,00,000 | ജലനിധി വിഹിതം | 10,00,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനവായ്പ | ജി.ഒ.ആർ. ടി. 823/10 /ത.സ്വ.ഭ.വ തീയതി 11.03.10 | 2300000 | 3,42,386 | -- | -- | 3,42,386 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 2,75,483 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,75,483 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എൻഡോവ്മെന്റ് എഫ്.ഡി. തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് (പലിശ ദുരിതാശ്വാസ നിധിയിലേക്ക് വകമാറ്റുന്ന 10&%) | 275483 രസീത് നം- എഫ്.ഡി.19/25.02.15 |
| ആകെ | 2,75,483 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം1- 4(2) | 2004-05<br>3-5 (2) | കെട്ടിട നികുതി ഡിമാന്റിൽ ചേർത്ത് അടച്ചില്ല | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,96,53,366.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,48,30,176 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9,510 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9,641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 58,286 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-10 | 500 | | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 2-11 | 9,010 | | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | 9,641 | | ശ്രീ.നടരാജസുന്ദരം, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 58,286 | ശ്രീ.നടരാജസുന്ദരം, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ലിജോ ജോബ്, സെക്രട്ടറി | സെക്രട്ടറി, കൊഴുവനാൽ ഗ്രാമപഞ്ചായത്ത് | തെക്കേത്തെരുവിൽ, പാലാ പി.ഒ.-686575 |
| ശ്രീ.നടരാജസുന്ദരം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അയർക്കുന്നം ഗ്രാമപഞ്ചായത്ത് | വലിയപറമ്പിൽ, കിടങ്ങൂർ പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11/6.4.11 | 2 |
| 1997-98(ചെലവ്) | നം.എൽ.എഫ്.കെ.പി.7/721/അദാ./14(1)/26.11.14 | 2 |
| 1998-99 | നം..എൽ.എഫ്.കെ.പി7/721/അദാ./14(2)/26.11.14 | 10 |
| 1999-2000 | ന.എൽ.എഫ്.കെ.പി7/721/അദാ./14(5)/26.11.14 | 4 |
| 2000-01 | നം.എൽ.എഫ്.കെ.പി.7/780/അദാ/14(4) | 16 |
| 2001-02 | നം.എൽ.എഫ്.കെ.പി.7/780/14/അദാ/14(3) /26.11.14 | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.7/405/15(1)/17.10.15 | 3 |
| 2003-04 | നം.എൽ.എഫ്.കെ.പി.7/405/15(1)/17.10.15 | 2 |
| 1997-98 (വരവ്) | നം.എൽ.എഫ്.കെ.പി.7/344/11/2.4.11/7.4.11 | - |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11/6.4.11 | - |
| 2004-05 | നം.എൽ.എഫ്.കെ.പി.11/137/2009/24.2.11 | 17 |
| 2005-06 | നം.എൽ.എഫ്.കെ.പി.7/1295/11/3.8.12 | 10 |
| 2006-07 | നം.എൽ.എഫ്.കെ.പി.7/1295/11/19.9.12 | 9 |
| 2007-08 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 10 |
| 2008-09 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.7/652/13/13.6.13 | 8 |

| | | |
|---|---|---|
| 2010-11 | നം.എൽ.എഫ്.കെ.പി.7/652/13/15.6.13 | 5 |
| 2011-12 | നം.എൽ.എഫ്.കെ.പി.7/1480/13/15.11.13 | - |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |
| 2013-14, 14-15 | കെ.എസ്.എ-കെ.ടി.എം.പി7/301/16/4.5.16 | - |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/1685/16/19.05.17 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-കെ.ടി.എം.പി7/1185/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 05.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻസാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം